പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1615 — 03.10.2011-ൽ മറുപടിയ്ക്ക്

## കുഞ്ഞുണ്ണി മോഹനന്റെ ദുരൂഹമരണത്തിലെ പ്രതികൾക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) | |
| (എ) | ബ്ലേഡ് മാഫിയയുടെ തുടർച്ചയായ ഭീഷണിയെത്തുടർന്ന് തിരുവനന്ത പുരം മോഡൽ സ്കൂളിലെ വിദ്യാർത്ഥിയായ കുഞ്ഞുണ്ണി മോഹനൻ ദുരൂഹമായി മരണ പ്പെട്ടതിനെക്കുറിച്ച് അന്വേഷിക്കാൻ മരുതംകുഴി ശ്രീവത്സത്തിൽ ശ്രീ.പി.വിജയമോഹനൻ നൽകിയ പരാതി സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണ് ; | (എ,ബി &സി)) | ശ്രീ.പി.വിജയമോഹനൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ കുഞ്ഞുണ്ണി മോഹനൻ ഇലക്ട്രിക് ലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.ഗിരീഷ്, സ്വാതിനഗർ, ടി.സി.10/196(7), പേരൂർക്കട എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അസ്വാഭാവികമരണത്തിന് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 282/11 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ പ്രതികളായി ആരെയും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. പോലീസ് ആസ്ഥാനത്തെ 10.8.11-ലെ ഡി1/73268/2011 നമ്പർ ഉത്തരവ് പ്രകാരം കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ ക്രിമിനൽ ഒഫൻസ് ഒന്നും കണ്ടെത്താനായിട്ടില്ലാത്തതിനാൽ പ്രതികളായി ആരെയും ഈ കേസിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രതികളിൽ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; പ്രസ്തുത പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടില്ല എങ്കിൽ അതിനുള്ള കാരണം എന്ത് ? | | |

സെക്ഷൻ ഓഫീസർ.